>> കവർസ്റ്റോറി

● ടി. മുഹമ്മദ് വേളം

**അപ്രഖ്യാപിത അണ്ടർഗ്രൗണ്ട് പ്രവർത്തനങ്ങൾ സ്വയം അധാർമികമാണെന്ന മാത്രമല്ല അവ അധാർമികതയുടെ വളർത്തുനിലങ്ങൾ കൂടിയാണ്. ഒരു ഉശിരൻ തീവ്ര വാദ പ്രസ്ഥാനം എങ്ങനെയാണ് മേലേതട്ടുമുതൽ താഴേതട്ടുവരെ മാഫിയാ പശ്ചാത്തലമുള്ള ഉന്നതർ വിരിക്കുന്ന വലയിൽ ചാടി നിസ്സഹായമാകുന്നത് എന്നതിന്റെ ഉത്തരം, നിയമവിരുദ്ധ അകവും നിയമാനുസൃത പുറവും ബാലൻസ് ചെയ്യുന്ന ട്രപ്പീസ് കളിയിലാണ് അന്വേഷിക്കേണ്ടത്.**

# മുസ്‌ലിംതീവ്രവാദത്തിന്റെ ജനിതക പ്രശ്നങ്ങൾ

**പത്തു** വർഷത്തിലധികമായി കേരളത്തിൽ പ്രവർത്തിച്ചുവരുന്ന എൻ.ഡി.എഫ് എന്ന സംഘടന അതിന്റെ വ്യക്തിത്വത്തെ ഒരേസമയം രണ്ട് രീതികളിൽ സ്വയം വിശദീകരിക്കാറുണ്ട്. ഒന്ന്, ഫാഷിസത്തിനെതിരെയും മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെയും പ്രവർത്തിക്കുന്ന നിയമാനുസൃത നവ സാമൂഹിക പ്രസ്ഥാനം. എൻ.ഡി.എഫ് 'പരിവർത്തനത്തിന്റെ പാദമുദ്രകൾ' എന്ന പേരിൽ പുറത്തിറക്കിയ ബുക്ക്‌ലെറ്റ് സംഘടനയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഇപ്രകാരം പട്ടികപ്പെടുത്തിയിരിക്കുന്നു: 1. ജനങ്ങളിൽ ദേശീയ ബോധം വളർത്തുക. 2. രാഷ്ട്രത്തിന്റെ സാംസ്കാരിക വൈവിധ്യങ്ങൾ കാത്തുസൂക്ഷിക്കുകയും നാനാത്വത്തിൽ ഏകത്വം എന്ന ദേശീയ സങ്കൽപം ഉയർത്തിപ്പിടിക്കുകയും ചെയ്യുക. 3. ജനങ്ങളുടെ ആരോഗ്യം, വിദ്യാഭ്യാസം, ജീവിതനിലവാരം തുടങ്ങിയവ മെച്ചപ്പെടുത്തുന്നതിനാവശ്യമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക. 4. മർദിത ജനവിഭാഗങ്ങളുടെ അവകാശങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക. 5. മർദിത പിന്നാക്ക ജനവിഭാഗങ്ങളുടെ സാമ്പത്തിക പുരോഗതിക്കും സാമൂഹിക വികസനത്തിനും ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക. 6. മനുഷ്യാവകാശ ലംഘനങ്ങൾക്കെതിരെ ജനകീയ മുന്നേറ്റങ്ങൾ സംഘടിപ്പിക്കുക. 7. മർദിത ജനവിഭാഗങ്ങളെ ഏകോപിപ്പിക്കുക. 8. നാടിന്റെ ഭദ്രതക്കും ദേശീയ ഐക്യത്തിനും ഭീഷണി ഉയർത്തുന്ന ചൂഷകശക്തികളെ ഫലപ്രദമായി തടയുക. 9. മർദിത ജനവിഭാഗങ്ങളുടെ സാമൂഹികവും സാംസ്കാരികവുമായ നിലനിൽപും ഭദ്രതയും ഉറപ്പുവരുത്തുകയും അതുവഴി നാട്ടിൽ ശാന്തിയും സമാധാനവും നിലനിർത്തുകയും ചെയ്യുക. 10. അധഃസ്ഥിത ജനവിഭാഗങ്ങളുടെ സർവോന്മുഖമായ പുരോഗതിക്കായി പ്രവർത്തിക്കുകയും അവരിൽ ഐക്യബോധവും ആത്മവീര്യവും വളർത്തുകയും ചെയ്യുക. 11. നാട്ടിൽ ഫാഷിസ്റ്റ് വർഗീയ ശക്തികൾ ഉയർത്തുന്ന പ്രത്യക്ഷവും പരോക്ഷവുമായ വെല്ലുവിളികൾ തിരിച്ചറിയുകയും അവയെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുകയും ചെയ്യുക. 12. വികസന-സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളെ ഏകോപിപ്പിക്കുക.

ഇതിലെവിടെയും നമുക്ക് സംഘടനയുടെ ഇസ്‌ലാമിക സ്വത്വത്തെ കണ്ടെത്താൻ കഴിയില്ല. ഒരു സുന്ദര മനോഹര മതേതര ദേശീയ മനുഷ്യാവകാശ പ്രസ്ഥാനം. ഫാഷിസ്റ്റ് വർഗീയ ശക്തികളുയർത്തുന്ന പ്രത്യക്ഷവും പരോക്ഷവുമായ വെല്ലുവിളികൾ തിരിച്ചറിയുകയും അവയെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുകയും മാത്രം ചെയ്യുന്ന ഒരു പ്രചാരണ പ്രസ്ഥാനം! ഇതിലെവിടെ

**നിയമാനുസൃത നിയമമാറ്റം എന്നതിലാണ് ജമാഅത്തെ ഇസ്‌ലാമിയുടെ ധാർമികതയും സർഗാത്മകതയും. നിയമം ലംഘിക്കാൻ തീരുമാനിച്ചാൽ അത് തുറന്ന് പറയാനുള്ള സത്യസന്ധത പ്രസ്ഥാനത്തിനുണ്ടായിരിക്കും. ഏത് ഭൗതികനഷ്ടം സഹിക്കേണ്ടിവന്നാലും ഏറ്റവും വലിയ നേട്ടമായി ജമാഅത്ത് കരുതുന്നത് ഈ സത്യസന്ധതയെയാണ്. നിരോധമുൾപ്പെടെയുള്ള ഭരണകൂട നടപടികളെ ജമാഅത്ത് അതിജീവിച്ചത് ഈ ധാർമികതയുടെ കരുത്തു കൊണ്ടാണ്. ഇസ്‌ലാമിക പ്രസ്ഥാനം ഭീരുക്കളുടെ പാർട്ടിയാണെന്ന് തീവ്രവാദികൾ ആരോപിക്കാറുണ്ട്. സത്യസന്ധനായിരിക്കുക എന്നതാണ് ഏറ്റവും വലിയ ധീരത.**

സുഹൃത്തേ അടി, വെട്ട്, കൊല, ബോംബ്, കത്തി, കഠാര. രണ്ട്, ഖുർആന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ വർത്തമാന ഇന്ത്യൻ സാഹചര്യത്തിൽ ഏറ്റെടുക്കേണ്ട ഒരു മുഖ്യ ദൗത്യമേറ്റെടുത്ത് മുന്നോട്ടു പോകുന്ന ഒരിസ്‌ലാമിക സംഘടന. അതിന് ഖുർആനിലെ നൂറുക്കണക്കിന് ആയത്തുകളുടെ പ്രാമാണിക പിൻബലമുണ്ട്. ഹൈന്ദവ ഫാഷിസത്തെ കായികമായും സായുധമായും നേരിടുക എന്ന മുസ്‌ലിം സമൂഹത്തിന്റെ ബാധ്യതയെ ഏറ്റെടുത്ത ഒരിസ്‌ലാമിക സായുധ പ്രസ്ഥാനം. അല്ലെങ്കിൽ ആയുധ അജണ്ട കൂടിയുള്ള ഒരിസ്‌ലാമിക സാമൂഹിക പ്രസ്ഥാനം.

ഇതിൽ ഏതാണ് സഹോദരാ ശരിക്കും എൻ.ഡി.എഫ്? അല്ലെങ്കിൽ ഒരേസമയം രണ്ട് എൻ.ഡി.എഫുകൾ ഉണ്ടെന്നാണോ? ഒരു സംഘടന വ്യത്യസ്തമായ രണ്ട് ജീവിതങ്ങൾ ഒരുമിച്ച് ജീവിച്ചുതീർക്കുകയാണോ? ഇത്രയൊക്കെ ചോദിക്കുന്നത്, സംഘടനയെ വിശദീകരിക്കുന്ന മുഴുവൻ കൃതികളും ലഘുപുസ്തകങ്ങളും വായിച്ച് പഠിച്ചിട്ടും ഈ ഉഭയജീവിതങ്ങൾ ഇവയിലൊന്നും ചേരുംപടി ചേർക്കപ്പെട്ട് വിശദീകരിച്ച് കാണാത്തതുകൊണ്ടാണ്. പരസ്പര ബന്ധമില്ലാത്ത രണ്ടവതരണങ്ങളാണ് മാറിമാറി എൻ.ഡി.എഫ് സാഹിത്യങ്ങളിൽനിന്നും അനുഭവിക്കേണ്ടിവരുന്നത്.

ഒന്നാമത്തേത് അടവുനയവും രണ്ടാമത്തേത് സംഘടനയുടെ ശരിയായ വ്യക്തിത്വവും എന്നായിരിക്കും ഏറെ ചോദിച്ചാൽ പറയാനിടയുള്ള മറുപടി. ഇസ്‌ലാമികമായി സമാസിക്കപ്പെടാത്ത ഈ ഇരട്ട വ്യക്തിത്വത്തിന്റെ ആന്തരിക പ്രതിസന്ധിയും അനിവാര്യമായ വഴിമുട്ടലും അധഃപതനവുമാണ് ഇപ്പോൾ എൻ.ഡി.എഫ് അനുഭവിച്ചുതീർക്കുന്നത്.

ഏതൊരു സാമൂഹിക പ്രസ്ഥാനത്തിനും അതും നിയമവ്യവസ്ഥയും തമ്മിലുള്ള ബന്ധത്തെ ഏതോ പ്രകാരം കൃത്യമായി നിർവചിക്കേണ്ടിവരും. ഈ നിർവചന നിർണയങ്ങളിലെ ദാർശനികമായ വിപ്ലവാത്മകതയും പ്രയോഗത്തിലെ വിട്ടുവീഴ്ചയില്ലാത്ത ധാർമികതയുമാണ് ഇസ്‌ലാമിക സാമൂഹികതയുടെ ആത്മാവും ശരീരവും.

ഏതൊരു സമൂഹവുമായും ഭരണകൂടവുമായുമുള്ള കരാർ വ്യവസ്ഥകൾ പാലിക്കുന്നതിൽ റസൂലും നാലു ഖലീഫമാരും നേതൃത്വം നൽകിയ ഇസ്‌ലാമിക സാമൂഹികതകൾ കാണിച്ച കാർക്കശ്യം ഇതിന്റെ സൂര്യതേജസ്സുള്ള അടയാളമാണ്. ഇത് ഖുർആന്റെ ഖണ്ഡിത പ്രമാണവും ഇസ്‌ലാമിക പ്രയോഗ ശാസ്ത്രത്തിലെ (ഫിഖ്ഹ്) തർക്കാതീതമായ വകുപ്പുമാണ്.

"നിങ്ങൾ ഒരു സമൂഹത്തിൽനിന്ന് കരാർവഞ്ചന ആശങ്കിച്ചാൽ അപ്പോൾ അവരുമായുള്ള കരാറിനെ ഇരുകൂട്ടരും അറിയുംവിധം പരസ്യമായി അവരിലേക്കെറിഞ്ഞുകൊടുക്കുക. നിശ്ചയം വഞ്ചകന്മാരെ അല്ലാഹു ഇഷ്ടപ്പെടുന്നില്ല" (*അൽഅൻഫാൽ* 58). സന്ധികളിലും കരാറുകളിലുമുള്ള വിശ്വാസ്യതയും യുദ്ധനീക്കത്തിലെ സുതാര്യതയുമാണ് പ്രവാചക രാഷ്ട്രീയ ധാർമികതയുടെ കാതൽ. ഈ ആയത്ത് വിശദീകരിച്ചുകൊണ്ട് സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി രേഖപ്പെടുത്തുന്നു:

"നാമുമായി ഉടമ്പടി ചെയ്ത ഒരു വ്യക്തിയോ സമൂഹമോ രാജ്യമോ ഉടമ്പടി വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ചവരുത്തുന്നതായി അവരുടെ പെരുമാറ്റ രീതിമൂലം നമുക്കാക്ഷേപമുണ്ടാവുകയോ സന്ദർഭം കിട്ടുമ്പോൾ അവർ നമ്മെ വഞ്ചിച്ചേക്കുമെന്ന് ആശങ്കയുണ്ടാവുകയോ ചെയ്തുവെന്നിരിക്കട്ടെ, എങ്കിൽ നമ്മെ സംബന്ധിച്ചേടത്തോളം അവരുമായി ഉടമ്പടി നിലവിലില്ലെന്ന് തീരുമാനിക്കാനും കരാർ വ്യവസ്ഥ നിലവിലില്ലാത്തപ്പോൾ മാത്രം സ്വീകരിക്കുന്ന നയം അവരോടനുവർത്തിക്കാനും ഈ ആയത്ത് പ്രകാരം നമുക്ക് പാടുള്ളതല്ല. മറിച്ച് അങ്ങനെ ഒരു സ്ഥിതിവിശേഷമുളവാകുമ്പോൾ ശത്രുതാപരമായ വല്ല നടപടിയും കൈക്കൊള്ളുന്നതിനു മുമ്പായി ഉടമ്പടി നിലവിലില്ലെന്ന വസ്തുത മറുപക്ഷത്തെ വ്യക്തമായി അറിയിക്കാൻ നാം ബാധ്യസ്ഥമാണ്. കാരണം കരാർ ദുർബലമായെന്ന് നമ്മെപ്പോലെ അവരും അറിഞ്ഞിരിക്കണം. ഇപ്പോഴുമത് നിലവിലുണ്ടെന്ന് അവർ തെറ്റിദ്ധരിക്കാനിടയാവരുത്. ഈ ദൈവിക കൽപന പ്രകാരമാണ് ഇസ്‌ലാമിന്റെ രാഷ്ട്രാന്തരീയ നയത്തിന്റെ ഒരു സ്ഥിരം തത്ത്വമെന്ന നിലയിൽ നബി(സ) പ്രഖ്യാപിച്ചത്: 'ആരെങ്കിലും ഒരു ജനതയുമായി ഉടമ്പടിയിലാണെങ്കിൽ കാലാവധി കഴിയുന്നതുവരെ അതിന്റെ കെട്ടഴിക്കരുത്. അതല്ലെങ്കിൽ പരസ്പരം അറിഞ്ഞുകൊണ്ട് ഉടമ്പടി അവരിലേക്കെറിഞ്ഞുകൊടുക്കണം'. ഈ വ്യവസ്ഥ കൂടുതൽ വ്യാപകമാക്കിക്കൊണ്ട് എല്ലാ ഇടപാടുകൾക്കും ബാധകമായ ഒരു പൊതുതത്ത്വം നബി(സ) സ്ഥാപിക്കുകയുണ്ടായി. 'നിന്നെ വഞ്ചിച്ചവനെ നീ വഞ്ചിക്കരുത്' എന്നതാണ് പ്രസ്തുത തത്ത്വം.

ഏകപക്ഷീയമായി ഉടമ്പടി ദുർബലപ്പെടുത്തുന്നതും യുദ്ധപ്രഖ്യാപനമില്ലാതെ ആക്രമണം നടത്തുന്നതും പഴയ ജാഹിലിയ്യാ കാലത്ത് മാത്രം നടപ്പിലുണ്ടായിരുന്ന സമ്പ്രദായമല്ല. ആധുനിക കാലത്തെ പരിഷ്കൃത ജാഹിലിയ്യത്തിലും അത് സർവസാധാരണമാണ്. ആക്രമണത്തിന് മുമ്പ് മുന്നറിയിപ്പ് നൽകുന്നപക്ഷം ശത്രു ജാഗ്രത പൂണ്ട് ഉഗ്രമായി തിരിച്ചടിക്കുമെന്നും അങ്ങോട്ട് കടന്നാക്രമിച്ചില്ലെങ്കിൽ പ്രതിയോഗി അവസരമുപയോഗപ്പെടുത്തുമെന്നും മറ്റുമാണ് ഈ നടപടിക്ക് ന്യായീകരണമായി സാധാരണ പറഞ്ഞുവരാറുള്ളത്. എന്നാൽ ഇത്തരം ന്യായീകരണങ്ങൾകൊണ്ട് മാത്രം കരാർ ബാധ്യതകളും ധാർമിക ഉത്തരവാദിത്വങ്ങളും ദുർബലപ്പെടുത്താമെങ്കിൽ ഏതെങ്കിലും ഒരു സാധൂകരണം കണ്ടെത്തി ഈ ലോകത്ത് ചെയ്യാൻ പാടില്ലാത്തതായി ഒരു കുറ്റവും ഉണ്ടായിരിക്കുന്നതല്ല. കള്ളനും കൊള്ളക്കാരനും വ്യഭിചാരിക്കും കൊലയാളിക്കും തട്ടിപ്പുകാരനും കൊള്ള ലാഭക്കാരനും അവരവരുടെ കുറ്റങ്ങൾക്ക് തീർച്ചയായും ഇത്തരമെന്തെങ്കിലും 'ന്യായം' പറയാനുണ്ടാകും" (*തഫ്ഹീമുൽ ഖുർആൻ* രണ്ടാം വാള്യം).

ഇന്ത്യൻ മുസ്‌ലിംകളും ഇന്ത്യൻ ഭര

**ഭരണഘടനയും പൗരന്മാർക്ക് തുല്യാവകാശങ്ങളും ഉള്ള ഒരു രാജ്യത്തിന്റെ നിയമവാഴ്ചയെ മാനിക്കൽ മുസ്‌ലിം സമൂഹത്തിന്റെ ഇസ്‌ലാമികമായ ബാധ്യതയാണ്. അഥവാ പൗരത്വത്തിന്റെ കരാർ നിറവേറ്റാൻ അവർ ചുമതലയുള്ളവരാണ്. ഒരു പൗരനെക്കുറിച്ച ഭരണകൂടത്തിന്റെയും പൗരസമൂഹത്തിന്റെയും പ്രതീക്ഷ തത്ത്വത്തിലെങ്കിലും അവൻ നിയമവാഴ്ചയെ മാനിക്കുന്നവനായിരിക്കും എന്നതാണ്. നമുക്ക് പൗരാവകാശങ്ങൾ ലഭിക്കുന്നത് നാം നിയമവാഴ്ചയെ മാനിക്കുന്ന പൗരന്മാരാണെന്നതുകൊണ്ടാണ്.**

ണകൂടവും തമ്മിലുള്ള ബന്ധം പൗരത്വ ക്കരാറിന്റേതാണ്. ഇന്ത്യൻ ഭരണഘടന മുസ്‌ലിംകൾ ഉൾപ്പെടെയുള്ള മുഴുവൻ പൗരന്മാർക്കും തുല്യ പൗരത്വം ഉറപ്പു നൽകുന്നു. പൗരന്മാർ നിയമവാഴ്ചയെ മാനിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്നു. ഇവ രണ്ടിനെയും പരിപാലിക്കാൻ ഭരണനിർവഹണ സംവിധാനത്തിന് രൂപം നൽകുകയും ചെയ്തിരിക്കുന്നു. ഭരണഘടനയും പൗരന്മാർക്ക് തുല്യാവകാശങ്ങളും ഉള്ള ഒരു രാജ്യത്തിന്റെ നിയമവാഴ്ചയെ മാനിക്കൽ മുസ്‌ലിം സമൂഹത്തിന്റെ ഇസ്‌ലാമികമായ ബാധ്യതയാണ്. അഥവാ പൗരത്വത്തിന്റെ കരാർ നിറവേറ്റാൻ അവർ ചുമതലയുള്ളവരാണ്. ഒരു പൗരനെക്കുറിച്ച ഭരണകൂടത്തിന്റെയും പൗരസമൂഹത്തിന്റെയും പ്രതീക്ഷ തത്ത്വത്തിലെങ്കിലും അവൻ നിയമവാഴ്ചയെ മാനിക്കുന്നവനായിരിക്കും എന്നതാണ്. നമുക്ക് പൗരാവകാശങ്ങൾ ലഭിക്കുന്നത് നാം നിയമവാഴ്ചയെ മാനിക്കുന്ന പൗരന്മാരാണെന്നതുകൊണ്ടാണ്. ഒരു രാജ്യത്ത് നടക്കുന്ന മനുഷ്യാവകാശലംഘനങ്ങൾ, ന്യായവും നിയമാനുസൃതവുമായ പ്രശ്നങ്ങളായി നമുക്കുന്നയിക്കാൻ സാധിക്കുക നാം നിയമവാഴ്ചയുടെ വ്യാകരണ വ്യവസ്ഥയെ അംഗീകരിക്കുമ്പോൾ മാത്രമാണ്. ഭരണകൂട ഭീകരത എന്ന മനുഷ്യാവകാശ ആക്ടിവിസത്തിന്റെ പ്രയോഗംതന്നെ നിയമവാഴ്ചയുടെ അന്തഃസത്തയിൽനിന്ന് വികാസം പ്രാപിച്ചതാണ്. നിയമം പാലിക്കേണ്ടത് പൗരന്മാർ മാത്രമല്ല ഭരണകൂടവുമാണ് എന്നതാണ് ഈ പ്രയോഗത്തിന്റെ അർഥം. പാലിക്കപ്പെടാൻ നിയമവും പാലിക്കുന്ന ജനതയും ഭരണകൂടവുമൊന്നും തത്ത്വത്തിൽ പോലുമില്ലെങ്കിൽ മനുഷ്യാവകാശം, പൗരാവകാശം മുതലായ പദങ്ങൾക്ക് ഒരു നിലനിൽപും സാധ്യമല്ല. നിയമവാഴ്ചക്കകത്തേ പൗരാവകാശമുള്ളൂ. നിയമവ്യവസ്ഥ നിലനിൽക്കുന്നേടത്ത് ഇസ്‌ലാമിക വിപ്ലവത്തിന്റെ വഴി നിയമാനുസൃതമാണ്. ഇസ്‌ലാമികേതര നിയമവ്യവസ്ഥയുടെ കളിനിയമങ്ങൾക്ക് വിധേയമായി മാത്രമേ ഇസ്‌ലാമിന്റെ സാമൂഹികമാറ്റം സംഭവിക്കാവൂ എന്നല്ല, അനിവാര്യമാകുന്ന സന്ദർഭത്തിൽ നിയമലംഘനത്തിന്റെ മറുവഴി തെരഞ്ഞെടുക്കുന്നുവെങ്കിൽ അത് പരസ്യപ്പെടുത്താനുള്ള മതബാധ്യത മുസ്‌ലിം ഗ്രൂപ്പുകൾക്കുണ്ട്. വ്യക്തി ധാർമികതക്ക് നിഷ്ഠകൾ ഉള്ളതുപോലെ സാമൂഹിക ധാർമികതക്കും ഇസ്‌ലാമിൽ കർക്കശമായ നിഷ്ഠകളുണ്ട്.

ഖുർആനിൽ യുദ്ധം, സന്ധി എന്നീ രണ്ട് രാഷ്ട്രീയാവസ്ഥകൾ മാത്രമേയുള്ളൂ. യുദ്ധത്തിന്റെ ഒന്നാമത്തെ ധാർമികത അത് പരസ്യമായി പ്രഖ്യാപിക്കപ്പെട്ടിരിക്കണം എന്നതാണ്. അതിന്റെ അനിവാര്യതയിൽ മാത്രം സംഭവിക്കുന്ന ഏറെ സൂക്ഷ്മതകളാവശ്യപ്പെടുന്ന സംഗതിയാണത്. സംഭവിക്കരുതെന്ന് പ്രാർഥിക്കാൻ പ്രവാചകൻ പഠിപ്പിച്ച കർമം. എന്നിട്ടും സംഭവിക്കുകയാണെങ്കിൽ അതിനെ ആദർശ ബാധ്യതയായിത്തന്നെയാണ് ഇസ്‌ലാം ഏറ്റെടുക്കുന്നത്. അപ്പോൾ അത് ഏറെ ദൈവഭക്തിയും മനുഷ്യത്വവുമുള്ള മതാനുഷ്ഠാനം തന്നെയാണ് ഇസ്‌ലാമിൽ. ഈ മതകർമത്തിന്റെ ഒന്നാമത്തെ ഉപാധി (ശർത്വ്) അത് പരസ്യമായി പ്രഖ്യാപിക്കപ്പെടണം എന്നതാണ്. ഇസ്‌ലാം സംഘട്ടനത്തിനൊരുമ്പെട്ടിട്ടുണ്ടെങ്കിൽ അത് ചരിത്രത്തിന്റെയും മാനവതയുടെയും ആരോഗ്യത്തിന്റെ അനിവാര്യതയായി ആത്മാർഥമായി വിശ്വസിക്കുകയും ആർജവത്തോടെ വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. അത് പരസ്യപ്പെടുത്തിയിട്ടുമുണ്ട്. ആ സത്യസന്ധതയുടെ അനശ്വര രേഖകളാണ് പല വായനക്കാർക്കും അരോചകമായി അനുഭവപ്പെടാറുള്ള ഖുർആനിലെ യുദ്ധപ്രഖ്യാപനങ്ങളും പോരിന് പ്രേരിപ്പിക്കുന്ന ആഹ്വാനങ്ങളും. സൂറഃ *അൽബഖറ*യും സൂറഃ *അൽഅൻഫാലു*മൊക്കെ ഇസ്‌ലാമിന്റെ രാഷ്ട്രീയ സദാചാരത്തിന്റെ പ്രകടനപത്രികകളാണ്. മുസ്‌ലിം സമുദായത്തെ മാത്രം ഗൂഢമായി വിളിച്ചുവരുത്തി അരണ്ട വെളിച്ചത്തിൽ അവതരിച്ചതല്ല ഈ സൂറകളൊന്നും. മനുഷ്യരുടെ മുന്നിൽ പരസ്യമായി പ്രഖ്യാപിക്കപ്പെട്ടവയാണ്. അത് വിശ്വാസിക്ക് യുദ്ധത്തിനുള്ള പ്രേരണയും ശത്രുവിന് താക്കീതുമായാണ് പെയ്തിറങ്ങിയത്. അത് യുദ്ധത്തിനുള്ള നോട്ടീസും സത്യത്തിലേക്കുള്ള പ്രബോധനവുമാണ്. രാഷ്ട്രീയ നിലപാട് വേറെയും പ്രബോധനം മറ്റൊന്നുമായിരുന്നില്ല ഖുർആനിന്. ഖുർആനിലെ യുദ്ധസൂക്തങ്ങൾ ഇസ്‌ലാമിന്റെ ഭീകരതയുടെ പ്രമാണരേഖകളല്ല, ഇസ്‌ലാമിന്റെ സത്യസന്ധതയുടെ ദിവ്യപാഠങ്ങളാണ്. ഇത് മുസ്‌ലിംകളെ മാത്രം വിളിച്ചുകൂട്ടി മറ്റുള്ളവർ കേൾക്കാൻ കൊള്ളാത്ത കോലത്തിൽ പറയുന്നതും പഠിപ്പിക്കുന്നതും ഖുർആനിക പാഠത്തിന്റെ അട്ടിമറിയാണ്.

ഇന്ത്യയുടെ സാമൂഹിക രാഷ്ട്രീയ വ്യവസ്ഥ ഇസ്‌ലാമിക ഘടനയിലേക്ക് മാറ്റിവരക്കുക എന്നത് സംഘടനയുടെ ലക്ഷ്യമായി ഭരണഘടനയിൽ രേഖപ്പെടുത്തിയ പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. അതിനുള്ള കർമവഴി സമാധാനപരവും രചനാത്മകവും മാത്രമായിരിക്കുമെന്ന് ഭരണഘടന തുടർന്ന് പറയുന്നു. പ്രവർത്തന മാർഗം നിയമാനുസൃതവും സമാധാനപരവുമായിരിക്കുമെന്ന് വ്യക്തമായി അത് വിശദീകരിക്കുന്നു. നിയമാനുസൃത നിയമമാറ്റം എന്നതിലാണ് ജമാഅത്തെ ഇസ്‌ലാമിയുടെ ധാർമികതയും സർഗാത്മകതയും. നിയമം ലംഘിക്കാൻ തീരുമാനിച്ചാൽ അത് തുറന്ന് പറയാനുള്ള സത്യസന്ധത പ്രസ്ഥാനത്തിനുണ്ടായിരിക്കും. ഏത് ഭൗതികനഷ്ടം സഹിക്കേണ്ടിവന്നാലും ഏറ്റവും വലിയ നേട്ടമായി ജമാഅത്ത് കരുതുന്നത് ഈ സത്യസന്ധതയെയാണ്. നിരോധമുൾപ്പെടെയുള്ള ഭരണകൂട നടപടികളെ ജമാഅത്ത് അതിജീവിച്ചത് ഈ ധാർമികതയുടെ കരുത്തുകൊണ്ടാണ്. ഇസ്‌ലാമിക പ്രസ്ഥാനം ഭീരുക്കളുടെ പാർട്ടിയാണെന്ന് തീവ്രവാദികൾ ആരോപിക്കാറുണ്ട്. സത്യസന്ധനായിരിക്കുക എന്നതാണ് ഏറ്റവും വലിയ ധീരത. വഴിയുടെ വിശുദ്ധി പരിഗണിക്കാതെ തുല്യ നാണയത്തിൽ തിരിച്ചടിക്കണമെന്ന നിലപാട് ആദർശരഹിത ഭൗതികവാദവും യുക്തിവാദവുമാണ്. പരലോകത്തിൽ വിശ്വസിക്കാത്ത ഒരാളെ സംബന്ധിച്ചേടത്തോളം ഭൂമി എല്ലാ കണക്കും തീർക്കാനുള്ള ഇടംതന്നെയാണ്. പരലോകവിശ്വാസിക്ക് ഇഹം എന്നത് എന്തു നഷ്ടം

സഹിച്ചും കർമത്തിന്റെ ധാർമികത ഉറപ്പുവരുത്തേണ്ട സ്ഥലം മാത്രമാണ്. ഹുദൈബിയാ സന്ധിയുടെ വേളയിൽ മർദനത്തിന്റെ ചോര ഉറ്റിവീഴുന്ന പച്ചത്തൊലിവുമായി അഭയം തേടിയ അബൂജൻദലിനെ പ്രവാചകൻ തിരിച്ചയച്ചു. ഒരു കേവല സാമുദായിക, ഭൗതിക, യുക്തിവാദ മനസ്സ് അവിടെ ഏറെ വ്രണപ്പെടാനിടയുണ്ട്. മുസ്‌ലിമായതിന്റെ പേരിൽ ജീവൻ അപകടത്തിലായി അഭയം തേടിവന്ന ഒരാൾക്ക് അഭയം നൽകാൻ പോലും കഴിയുന്നില്ലെങ്കിൽ പിന്നെ എന്തിന് നമുക്കൊരു രാഷ്ട്രം എന്ന് വേണമെങ്കിൽ ചോദിക്കാമായിരുന്നു. പച്ച ശരീരം ഏറ്റുവാങ്ങുന്ന പീഡനത്തേക്കാളും അതുയർത്തുന്ന പ്രതികാര ചിന്തയേക്കാളും വലുപ്പമുള്ളതാണ് കരാർപാലനമെന്ന മൂല്യം. ഭൂമിയുടെ ഉദ്ദേശ്യപൂർവമായ നഷ്ടങ്ങൾ മഹ്ശറയുടെ ലാഭങ്ങളാവുന്ന അലൗകിക രാസപരിണാമത്തിലാണ് റസൂലും ജൻദലും ഉമ്മത്ത് മുസ്‌ലിമയും ഒരുമിച്ച് വിശ്വസിക്കുന്നത്. തീവ്രവാദ പ്രസ്ഥാനങ്ങളുടെ പ്രചോദനം ദൈവികം എന്നതിനേക്കാൾ ഭൗതികമാണ്.

ഇന്ത്യൻ നിയമവാഴ്ചയോടുള്ള തങ്ങളുടെ സമീപനമെന്താണെന്ന് എൻ.ഡി.എഫ് ഇനിയെങ്കിലും വിശദീകരിക്കേണ്ടതായിട്ടുണ്ട്. ഇസ്‌ലാമിക പ്രതിനിധാനം നിർവഹിക്കപ്പെടേണ്ടത് ദുരൂഹമായും കപടമായുമല്ല. ഇസ്‌ലാമിക പ്രബോധനത്തെ സംബന്ധിച്ചേടത്തോളം മനുഷ്യാവകാശം അതിന്റെ അടവുനയമല്ല, അതിന്റെ ആത്മവത്തയുടെ ഭാഗമാണ്.

അപ്രഖ്യാപിത അണ്ടർഗ്രൗണ്ട് പ്രവർത്തനങ്ങൾ സ്വയം അധാർമികമാണെന്ന് മാത്രമല്ല അവ അധാർമികതയുടെ വളർത്തുനിലങ്ങൾ കൂടിയാണ്. ഒരു ഉശിരൻ തീവ്രവാദ പ്രസ്ഥാനം എങ്ങനെയാണ് മേലേതട്ടുമുതൽ താഴേതട്ടുവരെ മാഫിയാ പശ്ചാത്തലമുള്ള ഉന്നതർ വിരിക്കുന്ന വലയിൽ ചാടി നിസ്സഹായമാകുന്നത് എന്നതിന്റെ ഉത്തരം, നിയമവിരുദ്ധ അകവും നിയമാനുസൃത പുറവും ബാലൻസ് ചെയ്യുന്ന ട്രപ്പീസ് കളിയിലാണ് അന്വേഷിക്കേണ്ടത്. മുസ്‌ലിം പ്രത്യാക്രമണ പ്രസ്ഥാനം എങ്ങനെയാണ് പ്രാദേശിക സ്ഥലങ്ങളിൽ മുസ്‌ലിം സമ്പന്നരുടെ രൺവീർ സേനകളായി മാറുന്നത്? നമ്മുടെ രാഷ്ട്രീയക്കാർക്ക് നിയമവാഴ്ചയുടെ വഴിമാത്രമല്ല പഥ്യമുള്ളത്. അതുകൊണ്ട് അവർക്ക് നിയമവാഴ്ചയെ മാനിക്കാത്ത തീവ്രവാദ പ്രസ്ഥാനങ്ങളെ ആവശ്യമുണ്ട്. തീവ്രവാദ പ്രസ്ഥാനത്തിന്റെ മുഖം നിയമലംഘനം മാത്രമല്ല, നിയമാനുസൃതം കൂടിയാണ്. അതുകൊണ്ട് അവർക്ക് രാഷ്ട്രീയക്കാരെയും ആവശ്യമുണ്ട്. ഈ പരസ്പര സഹായ സഹകരണസംഘം നമ്മുടെ ജനാധിപത്യത്തിന്റെ കുഷ്ഠം പിടിച്ച മുഖമാണ്. നിയമവിരുദ്ധ അണ്ടർഗ്രൗണ്ട് പ്രവർത്തനത്തിന്റെ ഘടക കക്ഷികൾ കള്ള്, പെണ്ണ്, മയക്കുമരുന്ന്, കള്ളക്കടത്ത്, കള്ളനോട്ടടി, ക്വട്ടേഷൻ തല്ല്, മാഫിയാ സംഘങ്ങളായിരിക്കും. ഈ മുന്നണിയിൽ ഘടക കക്ഷിയാവുക എന്നത് ഏതൊരു അണ്ടർഗ്രൗണ്ട് തീവ്രവാദ പ്രസ്ഥാനത്തിന്റെയും സ്വാഭാവികതയാണ്. നിയമവാഴ്ചയിലും സിവിൽ സമൂഹത്തിലും വിശ്വസിക്കാത്തവൻ അധോലോകത്തിൽ വിശ്വസിക്കുന്നവനായിരിക്കും.

അതാര്യത നീതിശാസ്ത്രമായി സ്വീകരിക്കുമ്പോൾ അകം കെട്ടുനാറും. പണത്തിന്റെ കണക്ക് അസാധ്യമാവും. മുസ്‌ലിം തീവ്രവാദം ഫാഷിസത്തെ പ്രതിരോധിക്കാനുള്ള ആലോചനക്കിടയിൽ അതിനെത്തന്നെ ആന്തരികവത്കരിക്കുകയായിരുന്നു.

യുദ്ധം തീർച്ചയായും ഖുർആന്റെ ഉള്ളടക്കത്തിന്റെ ഭാഗമാണ്. രാഷ്ട്ര വ്യവഹാരത്തിലെ ഏറ്റവും സങ്കീർണവും സന്ദിഗ്ധവുമായ ഒരു സന്ദർഭത്തെയാണ് യുദ്ധം അടയാളപ്പെടുത്തുന്നത്. ഒരു ജനതയുടെ വേരു മുതൽ ഉച്ചിവരെ പിടിച്ചുലക്കപ്പെടുന്ന സന്ദിഗ്ധവേളയിൽ ധീരതയും ധാർമികതയും മുറതെറ്റാവ്രതമായി ഉണ്ടാവണമെന്നാണ് ഖുർആനിലെ യുദ്ധ പാഠങ്ങളുടെ ആകെ സാരം. യുദ്ധവും സമാധാനവും ഋതുഭേദങ്ങൾ പോലെ വ്യത്യസ്തമായ രണ്ടവസ്ഥകളാണ്. യുദ്ധത്തിന്റെ വ്യാകരണത്തെ യുദ്ധേതര കാലത്തിൽ പ്രയോഗിക്കുന്നു എന്നതാണ് മുസ്‌ലിം മിലിറ്റന്റ് ഗ്രൂപ്പുകളുടെ അപകടകരമായ ദീനീ ദൗർബല്യം.

ഇന്ത്യ പോലുള്ള ഒരു രാജ്യത്ത് വെട്ടിത്തുറന്ന് പ്രഖ്യാപിച്ചും ഓപ്പറേഷനുകൾ ഏറ്റെടുത്തും സായുധ പ്രതിരോധം സാധ്യമല്ലെന്ന് ഏത് മന്ദബുദ്ധിക്കാണറിയാത്തത് എന്ന് ഇത്തരം സുഹൃത്തുക്കൾ ചോദിക്കാറുണ്ട്. ശരിയാണ്, അത് ഏതു സാമാന്യ ബുദ്ധിക്കും അറിയാവുന്ന ലളിത സത്യമാണ്. എന്നുവെച്ച് ഇസ്‌ലാമിന് അതിന്റെ സുതാര്യതയും സത്യസന്ധതയും പിൻവലിക്കുക സാധ്യമല്ല. വെട്ടിത്തുറന്ന് പറയാൻ കഴിയുന്നേടത്തേ സായുധനീക്കം ഇസ്‌ലാം കൽപിക്കുന്നുള്ളൂ. ഒരു മനുഷ്യനോടും ഇസ്‌ലാം അവന് കഴിയാത്ത കാര്യം ചുമതലപ്പെടുത്തുന്നില്ല. യുദ്ധമാണെന്ന് തുറന്ന് പറയുക അസാധ്യമായ ഒരു സാഹചര്യത്തിൽ ഇസ്‌ലാം യുദ്ധത്തെ മുന്നോട്ട് വെക്കുന്നില്ല. ഇസ്‌ലാം നടത്തിയ മുഴുവൻ സായുധനീക്കങ്ങളും അത് അന്തസ്സോടെ ഏറ്റെടുത്തിട്ടുണ്ട്. ഏറ്റെടുക്കാൻ മാത്രം അന്തസ്സുള്ള നീക്കങ്ങളേ അത് നടത്തിയിട്ടുള്ളൂ. ഏറ്റെടുക്കാൻ കഴിയുന്ന ഭൗതിക സാഹചര്യം ഉള്ളപ്പോഴേ ഇസ്‌ലാം അതിന് തുനിഞ്ഞിട്ടുള്ളൂ. കാരണം ഈ ദീനിന് സത്യസന്ധത ആത്മാഭിമാനത്തേക്കാളും പ്രതിക്രിയയേക്കാളും വലുതാണ്. പ്രതിക്രിയ സത്യസന്ധതയേക്കാൾ വലുതാണെന്ന് ദീനിനെ തലകീഴായി പടിക്കുകയാണ് മുസ്‌ലിം തീവ്രവാദം ചെയ്യുന്നത്. നിയമവാഴ്ചയെ മാനിക്കാതിരിക്കുമ്പോൾ ഒരു സംഘടന അണ്ടർഗ്രൗണ്ട് ആയിത്തീരും. അണ്ടർഗ്രൗണ്ട് അധാർമികതയുടെ വിളനിലമാണ്. മാഫിയകളാണ് അണ്ടർഗ്രൗണ്ടിലെ സഹോദര പ്രസ്ഥാനങ്ങൾ. ഇത് ഇത്തരം സംഘടനകളുടെ അധാർമികതയെ കൂടുതൽ തീവ്രമാക്കിക്കൊണ്ടിരിക്കുന്നു. ഇതാണ് കേരളത്തിലെ മുസ്‌ലിം തീവ്രവാദത്തിന്റെ പരിഹരിക്കാനാവാത്ത ജനിതക പ്രശ്നം. ഈ ജനിതക ദൗർബല്യം പുതിയ സംഭവ വികാസങ്ങളിലൂടെ കൂടുതൽ കൂടുതലായി വെളിപ്പെട്ടുകൊണ്ടിരിക്കുകയാണ്. ആയുധം താഴെ വെച്ച് അണ്ടർഗ്രൗണ്ടിൽനിന്നും അധോലോകത്തുനിന്നും തിരിച്ചു പോവുക എന്നതിൽ കുറഞ്ഞ ഒരു പരിഹാരവും ഈ പ്രതിസന്ധിക്കില്ല.

മുസ്‌ലിം രാഷ്ട്രത്തിലെ അമുസ്‌ലിം പൗരന്മാരെക്കുറിച്ച് ക്ലാസിക്കൽ കർമശാസ്ത്രം ധാരാളമായി പറഞ്ഞുവെച്ചിട്ടുണ്ട്. ഇസ്‌ലാം ഭരണകൂടമ

**രാഷ്ട്രീയ നിലപാട് വേറെയും പ്രബോധനം മറ്റൊന്നുമായിരുന്നില്ല ഖുർആനിന്. ഖുർആനിലെ യുദ്ധസൂക്തങ്ങൾ ഇസ്‌ലാമിന്റെ ഭീകരതയുടെ പ്രമാണരേഖകളല്ല, ഇസ്‌ലാമിന്റെ സത്യസന്ധതയുടെ ദിവ്യപാഠങ്ങളാണ്. ഇത് മുസ്‌ലിംകളെ മാത്രം വിളിച്ചുകൂട്ടി മറ്റുള്ളവർ കേൾക്കാൻ കൊള്ളാത്ത കോലത്തിൽ പറയുന്നതും പഠിപ്പിക്കുന്നതും ഖുർആനിക പാഠത്തിന്റെ അട്ടിമറിയാണ്.**

ല്ലാത്ത ജനാധിപത്യ രാഷ്ട്രങ്ങളിലെ മുസ്‌ലിം പൗരന്മാരുടെ ഇസ്‌ലാമികത യെക്കുറിച്ചും ഇന്ന് ധാരാളം പഠനങ്ങൾ പുറത്തുവരുന്നുണ്ട്. ഈ ഫിഖ്ഹ് പാഠങ്ങളൊന്നും ഈ ഇരട്ട മുഖത്തെ പിന്തുണക്കുന്നവയല്ല. സർക്കാർ വൈദ്യുതി കക്കുന്നത് ഹറാമാണെന്ന ദയൂബന്തിന്റെ ഫത്‌വ ഇവിടെ അനു സ്മരണീയമാണ്. മതചിന്തയല്ല, ഭൗതിക വികാരമാണ് തീവ്രവാദ സംഘ ടനാ സമീപന രീതിയുടെ ആധാരം. ഇസ്‌ലാമേതര രാഷ്ട്രത്തിന്റെ കാര്യ ത്തിൽ ഒരിസ്‌ലാമുമില്ല എന്നത് ഗുരുതരമായ അനിസ്‌ലാമിക ചിന്തയാണ്. ഇസ്‌ലാമിക രാഷ്ട്രത്തിലെ അമുസ്‌ലിമിനെക്കുറിച്ച് ഇസ്‌ലാമിലുള്ളതു പോലെ ഇസ്‌ലാമേതര രാഷ്ട്രത്തിലെ മുസ്‌ലിമിനെ സംബന്ധിച്ചും ഇസ്‌ലാ മിലുണ്ട്. ഇസ്‌ലാം മുസ്‌ലിംകൾ തമ്മിലുള്ള ആഭ്യന്തര ഇടപാടിന്റെ പേരല്ല. മനുഷ്യർ തമ്മിലുള്ള ഇടപാടിലെ ദൈവവഴിയുടെ പേരാണ്.

നിയമവാഴ്ച മാത്രമല്ല, നിയമം കൈയിലെടുക്കലും ജനാധിപത്യത്തിന്റെ ഭാഗമാണ്, കേസുകൊടുക്കൽ മാത്രമല്ല പ്രതിയെ നടുറോട്ടിലിട്ട് വെട്ടി ക ഷ്ണമാക്കലും ചേർന്നതാണ് ജനാധിപത്യം, നേരായ വഴി മാത്രമല്ല വളഞ്ഞ വഴിയും ജനാധിപത്യത്തിന്റെ തന്നെ ഭാഗമാണ് എന്നെല്ലാം ഇത്തരം സഹോ ദരങ്ങൾ പറയാറുണ്ട്. പ്രമാണത്തിനു താഴെ നമ്മുടെ ജനാധിപത്യവും നിയ മവാഴ്ചയും ഒരളവിൽ ഇങ്ങനെയൊക്കെയായിരിക്കാം. പക്ഷേ, ഈ ജനാധി പത്യത്തിൽ മുസ്‌ലിം ഇടപെടുന്നതിന്റെ ന്യായം അവൻ അതിന് ധാർമിക മായ ഉള്ളടക്കം നൽകാൻ ശ്രമിക്കുന്നു എന്നതാണ്. അല്ലാതെ കേവലം തങ്ങ ളുടെ ഭൗതികമായ അതിജീവനത്തിനും കാര്യസാധ്യത്തിനും ശ്രമിക്കുന്നു എന്നതല്ല. ജനാധിപത്യത്തിന് ധാർമിക ഉള്ളടക്കം നൽകാനുള്ള ശ്രമത്തിന്റെ പാരമ്യതയിലാണ് ഇസ്‌ലാമിസ്റ്റുകൾ ഇസ്‌ലാമിക വിപ്ലവത്തെ സ്വപ്നം കാണു ന്നത്. കേരളത്തിലെ ഏറ്റവും വലിയ ജനാധിപത്യ ബഹുജന രാഷ്ട്രീയ പ്രസ്ഥാനമായ മാർക്സിസ്റ്റു പാർട്ടി പലപ്പോഴും നിയമവിരുദ്ധമായി പ്രവർത്തി ക്കുമ്പോഴും ഏറ്റവും ചെറിയ ജനാധിപത്യ പ്രസ്ഥാനങ്ങളിലൊന്നായ ജമാ അത്തെ ഇസ്‌ലാമി എപ്പോഴും നിയമത്തിന്റെ വഴിയിലൂടെ മാത്രം സഞ്ചരി ക്കുന്നതിന്റെ കാരണം മേൽപറഞ്ഞ ഇസ്‌ലാമിന്റെ സത്യസന്ധതയും വിപ്ലവ ത്തെക്കുറിച്ച വ്യക്തമായ തിരിച്ചറിവുമാണ്. ഇത്തരം ബോധ്യങ്ങളാണ് ഇസ്‌ലാ മിക ലോകത്ത് പല തീവ്രവാദ പ്രസ്ഥാനങ്ങളെയും ആയുധം താഴെവെച്ച് അതിന്റെ കാരണങ്ങൾ എഴുതി പ്രസിദ്ധീകരിക്കാൻ പ്രേരിപ്പിക്കുന്നത്. തീവ്ര വാദങ്ങൾ ചിന്തയുടെയും ദർശനത്തിന്റെയും ശത്രുക്കളായിരിക്കും. അതുകൊ ണ്ടാണ് തീവ്രവാദവുമായുള്ള സംവാദം എപ്പോഴും അസാധ്യമാവുന്നത്. തീവ്ര വാദത്തിന് സംവാദത്തിന്റെയും ദർശനത്തിന്റെയും ആവശ്യമില്ല. കാരണം അത് ഭൗതിക ശക്തിയെ അസ്തിവാരമായി സ്വീകരിച്ച ഒരു പ്രവർത്തന വഴിയാണ്. ■